# വിശ്വാസികളുടെ ന്യായ വിധി (വെളിപാട് പഠനം 53)

പാസ്റ്റർ സി.വി. ആൻഡ്രൂസ്, അറ്റ്ലാന്റാ

വാക്യം: 4:4. "സിംഹാസനത്തിന്റെ ചുറ്റിലും ഇരുപത്തിനാല് സിംഹാസനം. വെള്ളയുടുപ്പും ധരിച്ചുകൊണ്ട് സിംഹാസനങ്ങളില് ഇരിക്കുന്ന ഇരുപത്തിനാലു മൂപ്പന്മാര്. അവരുടെ തലയില് പൊന്കിരീടം."

യോഹന്നാന് ആദ്യമായി കാണുന്നത് സ്വര്ഗ്ഗത്തില് ഒരു സിംഹാസനം വെച്ചിരിക്കുന്നതുംസിംഹാസനത്തില് ഒരുവന് ഇരിക്കുന്നതുമാണ്. ഇരിക്കുന്നവന് 7: 4-ല് വായിക്കുമ്പോൾ അത് നമ്മുടെ കര്ത്താവായ യേശുക്രിസ്തു തന്നെയാണെന്ന് മനസ്സിലാക്കാം. ഇരിക്കുന്നവൻ സൂര്യകാന്തത്തോടും പത്മരാഗത്തോടും സദൃശ്യൻ. സൂര്യകാന്തത്തിന്റെ നിറം വെണ്മയും പത്മരാഗത്തിന്റെ നിറം ചുവപ്പുമാകുന്നു. കണ്ണഞ്ചിപ്പിക്കുന്നതും അത്യധികം നിറപ്പകിട്ടാര്ന്നതുമായ രത്നങ്ങളുടെ ശോഭയോട് കര്ത്താവിനെ തുലനം ചെയ്യുന്നു. വെളിച്ചമായും പ്രകാശമായും ദൈവത്തിന്റെ വെളിപ്പാടുകള് ഉണ്ടായിട്ടുണ്ട്. വസ്ത്രം ധരിക്കുമ്പോലെ അവന് പ്രകാശത്തെ ധരിക്കുന്നു-സങ്കീ. 10: 2. താന് അടുത്തുകൂടാത്ത വെളിച്ചത്തില് വസിക്കുന്നു- 1.തിമോ. 6: 16. ദൈവം വെളിച്ചമാകുന്നു- 1.യോഹ. 1: 5. സൂര്യകാന്തം, പത്മരാഗം, മരതകം എന്നിങ്ങനെ മൂന്നുവിധത്തിലുള്ള രത്നങ്ങളെപ്പറ്റി പറഞ്ഞിരിക്കുന്നു. മരതകം പച്ചനിറമാണ്. ദൈവത്തിന്റെ പരിശുദ്ധിയുടെ അത്യുജ്വല തേജസ്സാണ് ഇവയെല്ലാം സൂചിപ്പിക്കുന്നത്. ഈ മഹിമ സിംഹാസനത്തിന് ചുറ്റുമായി പൂര്ണ്ണ വൃത്താകാരത്തില് കാഴ്ചെയ്ക്കു മരതകത്തോട് സദൃശ്യമായി ഒരു പച്ചവില്ലു കാണുന്നു. നോഹയുടെ കാലത്തുണ്ടായ ജലപ്രളയാനന്തരം ഇനിമേല് ഭൂമിയെ വെള്ളം കൊണ്ട് നശിപ്പിക്കയില്ല എന്നുള്ള ദൈവത്തിന്റെ അടയാളമായി മേഘത്തില് ഒരു വില്ല് സ്ഥാപിച്ചു. അത് അര്ദ്ധഗോളവില്ലായിട്ടേ മനുഷ്യന് കാണ്മാന് കഴിയുകയുള്ളൂ. ഏഴു വര്ണ്ണങ്ങളോടുകൂടെ ആ വില്ല് ഇന്നും മേഘത്തില് പ്രത്യക്ഷപ്പെട്ടുകൊണ്ടേ ഇരിക്കുന്നു. ഉല്പത്തി. 9:12-17. എന്നാല് സ്വര്ഗ്ഗീയമായ പൂര്ണ്ണവൃത്താകാരമായ വില്ല് ഭൂമിയില് നിന്ന് വിലയക്ക് വാങ്ങിയ വിശുദ്ധ സംഘത്തിന്റെ അടയാളാമായി നില്ക്കുന്നു. ദൈവീക പ്രവൃത്തികളുടെ പൂര്ണ്ണരൂപവും അവിടെ ദൃശ്യമായിരിക്കുന്നു. മനുഷ്യരോടുള്ള ദൈവത്തിന്റെ നിയമങ്ങള് മുഴുവൃത്തത്തില് വെളിപ്പെട്ടു വന്നിരിക്കുന്ന ഒരു കാഴ്ചയാണിത്. ദൈവം ന്യായാധിപതിയെന്ന് കാണിപ്പാനാണ് ഈ പച്ച വില്ല് ഉപയോഗിച്ചിരിക്കുന്നത്. പ്രത്യേക ഉദ്ദേശത്തിന് വയ്ക്കപ്പെട്ട സിംഹാസനം ആണ് ഇത്. ഈ സിംഹാസനത്തിന് ചുറ്റും പ്രതിഫലങ്ങള് അണിഞ്ഞു സിംഹാസനങ്ങളില് ഇരിക്കുന്ന സഭയെ നമ്മള് കാണുന്നതിനാല് സഭ സ്വര്ഗ്ഗത്തില് എത്തിക്കഴിഞ്ഞാല് ആദ്യമായി അവര്ക്ക് പ്രതിഫലം വിഭജിച്ചു നല്കുന്നതയിരി ക്കും.

**മൂന്ന് സിംഹാസനങ്ങൻ**

1. ക്രിസ്തുവിന്റെ ന്യായാസനം- 2. കൊരി. 5: 10, റോമ. 14: 10
2. തേജസ്സിന്റെ സിംഹാസനം. മത്താ. 25: 31 -46, യോവേല്. 3: 1 -4, 11, 12.
3. വെള്ള സിംഹാസനം. വെളി. 20:: 11-15

കര്ത്താവിന്റെ വരവിനുശേഷം കാണുന്ന മൂന്നു സിംഹാസനങ്ങളെക്കുറിച്ച് നമുക്ക് ചിന്തിക്കാം. ഈ മൂന്നു സിംഹാസനിത്തിലും ഇരിക്കുന്നത് നമ്മുടെ കര്ത്താവായ യേശുക്രിസ്തുതന്നെയാണ്. കാരണം "പിതാവ് ആരെയും ന്യായം വിധിക്കാതെ ന്യായവിധിയെല്ലാം പുത്രനു കൊടുത്തിരിക്കുന്നു. " യോഹ. 5: 22.

**1. ക്രിസ്തുവിന്റെ ന്യായാസനം**

കര്ത്താവിന്റെ രഹസ്യവരവു കഴിഞ്ഞാലുടന് ആണ് ക്രിസ്തുവിന്റെ ന്യായാസനം വയ്ക്കുന്നത്. സ്വര്ഗ്ഗത്തില് ക്രിസ്തു തന്റെ വിശുദ്ധന്മാര്ക്കുവേണ്ടി സ്ഥാപിക്കുന്നതാണ് ഈ സിംഹാസനം. "അവനവന് ശരീരത്തില് ഇരിക്കുമ്പോള് ചെയ്തതു നല്ലതാകിലും തീയതാകിലും അതിനു തക്കവണ്ണം പ്രാപിക്കേണ്ടതിന് നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു. " 2 കൊരി. 5: 9, 10. "വിധിക്കുന്നത് കര്ത്താവാകുന്നു. ആകയാല് കര്ത്താവു വരുവോളം സമയത്തിനു മുമ്പെ ഒന്നും വിധിക്കരുത്. അവന് ഇരുട്ടില് മറഞ്ഞിരിക്കുന്നത് വെളിച്ചത്താക്കി ഹൃദയങ്ങളുടെ ആലോചനകളെ വെളിപ്പെടുത്തും. അന്ന് ഓരോരുത്തന് ദൈവത്തിങ്കല്നിന്ന് പുകഴ്ച ഉണ്ടാകും. " 1. കൊരി. 4: 4, 5.

ക്രിസ്തുവിന്റെ ന്യായാസനം വിശ്വാസികളെ ന്യായം വിധിച്ചു തള്ളുവാനോ, അംഗീകരിപ്പാനോ ഉള്ള രംഗമല്ല. പ്രത്യുത അവര് ഓരോരുത്തരും ശരീരത്തിലിരിക്കുമ്പോള് ചെയ്ത പ്രവൃത്തികളെ ന്യായം വിധിച്ച് അര്ഹമായ പ്രതിഫലം ഓരോരുത്തര്ക്കുമായി വിഭജിക്കുന്നതിനുള്ള സ്ഥാനമാണ്. "ഇതാ, ഞാന് വേഗം വരുന്നു. ഓരോരുത്തന് അവനവന്റെ പ്രവൃത്തിക്കു തക്കവണ്ണം കൊടുപ്പാന് പ്രതിഫലം എന്റെ പക്കല് ഉണ്ട്. " വെളി. 22: 12. "ദാസനോ, സ്വതന്ത്രനോ ഓരോരുത്തന് ചെയ്യുന്ന നന്മയ്ക്ക് കര്ത്താവില്കല് നിന്ന് പ്രതിഫലം പ്രാപിക്കും എന്ന് നിങ്ങള് അറിയുന്നുവല്ലോ." എഫെ. 6: 8. ഓരോരുത്തല്ക്കും ലഭിക്കേണ്ടതായ പ്രതിഫലവുമായിട്ടാണ് കര്ത്താവ് ന്യായാസനത്തില് ഇരിക്കുന്നത്. ശരീരത്തില് ഇരിക്കുമ്പോള് ചെയ്തിട്ടുള്ള ഓരോ കാര്യത്തിനും അവിടെ കണക്കു ബോധിപ്പിക്കേണം. നമുക്ക് ലഭിച്ച സമയങ്ങള് എപ്രകാരം വിനിയോഗിച്ചുവെന്നും ദൈവം നല്കിയ സമ്പത്ത്, ആരോഗ്യം, താലന്ത് തുടങ്ങിയവ എപ്രകാരം വിനിമയം ചെയ്തുവെന്നുമുള്ള കണക്ക് അവിടെ ബോധിപ്പിക്കേണം. നാം പറയുന്ന ഏതു നിസ്സാര വാക്കിനു പോലും അവിടെ കണക്ക് ബോധിപ്പിക്കേണ്ടി വരും. മത്താ. 12: 36. കര്ത്താവിന്റെ വേലക്കാരായിരുന്നവര് തങ്ങള്ക്ക് നല്കപ്പെട്ടിരുന്ന താലന്തുകള് എപ്രകാരം വ്യാപാരം ചെയ്ത് എന്തു ലാഭമുണ്ടാക്കി എന്നും തങ്ങളെ ഏല്പ്പിച്ചിരുന്ന

ആട്ടിന്കൂട്ടത്തെ എപ്രകാരം പരിപാലിച്ചു എന്നുമുള്ളതിന്റെ കണക്ക് ബോധിപ്പിക്കേണം. എബ്രാ. 13: 17. അവയെല്ലാം അവിടെ പരിശോധിപ്പിക്കപ്പെടും. തീയാല് തന്നെ അവയെ ശോധന ചെയ്യും. 1. കൊരി. 3: 13 കര്ത്താവു തന്നെയാണ് അവിടെ ന്യായം വിധിക്കുന്നത്. 1. കൊരി. 4: 4. നീതിമാനായ അവന്റെ വിധി തികച്ചും നീതിയിലുള്ളതായിരിക്കും. ഓരോരുത്തര്ക്കും അര്ഹമായ പ്രതിഫലം വിതരണം ചെയ്യും. ചിലര്ക്ക് ഏറിയ പ്രതിഫലവും ചിലര്ക്ക് കുറഞ്ഞ പ്രതിഫലവും അന്ന് ലഭിക്കും. യാതൊരു പ്രതിഫലവും ലഭിക്കാത്തവരും അക്കൂട്ടത്തിലുണ്ടായിരിക്കും. അവര് “ തീയില്കൂടി” എന്ന പ്രകാരം “ രക്ഷപ്രാപിക്കും” എന്നു മാത്രം.

യേശുക്രിസ്തു എന്ന ഇട്ടിരിക്കുന്ന അടിസ്ഥാനമല്ലാതെ മറ്റൊന്നും ഇടുവാന് ആര്ക്കും കഴിയുകയില്ല. ആ അടിസ്ഥാനത്തിന്മേല് ആരെങ്കിലും പൊന്നു, വെള്ളി, വിലയേറിയ കല്ല്, മരം, പുല്ല്, വൈക്കോല് എന്നിവ പണിയുന്നു എങ്കില് അവനവന്റെ പ്രവൃത്തി വെളിപ്പെട്ടുവരും. ഓരോരുത്തന്റെ പ്രവൃത്തി ഇന്നവിധം എന്ന് തീ തന്നെ ശോധന ചെയ്യും. ഒരുത്തന് പണിത പ്രവൃത്തി നിലനില്ക്കും എങ്കില് അവനു പ്രതിഫലം കിട്ടും. ഒരുത്തന്റെ പ്രവൃത്തി വെന്തുപോയെങ്കില് അവനു ചേതം വരും. താനോ രക്ഷിക്കപ്പെടും. എന്നാല് തീയില്ക്കൂടി അത്രേം. 1. കൊരി. 3: 11- 15.

ക്രിസ്തീയ പ്രവര്ത്തനത്തെ ഒരു കെട്ടിടപണിയോടാണ് പൗലൂസ് ഇവിടെ ഉപമിച്ചിരിക്കുന്നത്. തീയില് വെന്തു പോകുന്ന സാധനങ്ങള് ഉപയോഗിച്ചാണ് ആ പണി നിര്വ്വഹിക്കുന്നതെങ്കില് അതു വളരെ വലുതായി മനുഷ്യ ദൃഷ്ടിയില് കാണപ്പെട്ടാലും ന്യായവിധിനാളില് അതു പൂര്ണ്ണമായും വെന്തുപോകയും ആ പണിക്ക് ചേതം വരികയും ചെയ്യും. മനുഷ്യര് കാണേണ്ടതിന്നായിട്ടാണ് തീ ധാരാളമായി കൊടുക്കുന്നതെങ്കില് അതിനു ചേതം വരും. ഉന്നത സ്ഥാനം ലഭിക്കണമെന്ന ലാക്കോടു കൂടിയാണ് കര്ത്താവിന്റെ വേലയില് പങ്കെടുക്കുന്നതെങ്കില് അത് വെന്തുപോകും. മനുഷ്യരെ പ്രസാദിപ്പിക്കാനാണ് നീ പ്രവര്ത്തിക്കുന്നതെങ്കില് നിന്റെ പ്രവര്ത്തനം വെന്തുപോകും. എന്നാല് തികഞ്ഞ ക്രിസ്തീയാമതാവില്, പരമാര്ത്ഥതയോടെ കര്ത്താവിന്റെ നാമം മഹത്വപ്പെടേണം എന്ന ലാക്കോടുകൂടെയാണ് നീ പ്രവര്ത്തിക്കുന്നതെങ്കില് അത് എത്ര ചെറുതായി മനുഷ്യദൃഷ്ടിയില് കാണപ്പെട്ടാലും ന്യായവിധിനാളില് അത് നിലനില്ക്കുന്നതായിരിക്കും. അവിടെ നിനക്ക് ഏറിയ പ്രതിഫലം ലഭിക്കുകയും ചെയ്യും. മരം, പുല്ല്, വൈക്കോല് തീയില് കൂടി കടത്തി വിടുമ്പോള് അത് വെന്തുപോകും. പൊന്ന്, വെള്ളി, വിലയേറിയ കല്ല് എന്നിവ തീയില് കുടി കടത്തി വിടുമ്പോള് വെന്തുപോകയില്ല എന്നുമാത്രമല്ല, അവയുടെ തേജസ്സ് വര്ദ്ധിക്കുകയും ചെയ്യും. ഇവ കാഴ്ചയില് വളരെ കുറച്ചുമാത്രമേ ഉള്ളൂ. എടുത്തുകാണിക്കുവാന് അധികമൊന്നും ഉണ്ടായിരിക്കുകയില്ല. മനുഷ്യദൃഷ്ടിയില് ഭോഷത്വമായി തോന്നിയെന്നും വന്നേക്കാം. എന്നാല് മരം, പുല്ല്, വൈക്കോല് വളരെ വലിപ്പമായി

കാണും. മനുഷ്യദൃഷ്ടിയ്ല് അവര് പ്രശംസിക്കപ്പെട്ടേക്കാ. പക്ഷേ വിധിക്കുന്നത് കര്ത്താവാകുന്നു എന്ന് ഓര്ത്തുകൊള്ക.

പൊന്ന്, വെള്ളി, വിലയേറിയ കല്ല് എന്നിവ ദൈവീകസ്വഭാവത്തെ പ്രതിനിധീകരിക്കുന്നു. മനുഷ്യന്റെ ശ്രമത്താല് നട്ടുവളര്ത്തുവാന് കഴിയുന്നതല്ല. ദൈവത്തില് നിന്നും ലഭിക്കേണ്ടവയാണ്. ഉന്നതങ്ങളില് നിന്ന് ലഭിക്കേണ്ടവയാണ്. ഉന്നതങ്ങളില് നിന്ന് ലഭിക്കുന്ന ദൈവീക സ്വഭാവത്താല് പണിയുന്നവ മാത്രമേ നിലനില്ക്കുകയുള്ളൂ. എന്നാല് മരം, പുല്ല്, വൈക്കോല് എന്നിവ നമുക്ക് തന്നെ നട്ടുവളര്ത്താവുന്ന സാധനങ്ങളാണ്. മനുഷ്യന്റെ പ്രവര്ത്തനഫലമായി, അഥവാ ജഡത്തിന്റെ പ്രയത്നഫലമായി അവയെ നമുക്ക് കാണാം. സ്വന്ത മഹത്വത്തിനായി, സ്വന്ത ശക്തയാല് ചെയ്യുന്ന പ്രവര്ത്തികള് വെന്തുപോകും. കരത്താവു വരുമ്പോള് വിശ്വസ്തനായി കാണപ്പെടുന്ന ദാസന് ഭാഗ്യവാന്. മത്താ. 24: 45, 56. “ ഗൃഹവിചാരകന്മാരില്“ അന്വേഷിക്കുന്നതോ അവര് വിശ്വസ്തരായിരിക്കേണം എന്നത്രെ.” 1. കൊരി. 4: 2. “ ആകയാല് അവകാശമെന്ന പ്രതിഫലം കര്ത്താവു തരും എന്നറിഞ്ഞു കര്ത്താവായ ക്രിസ്തുവിനെ സേവിപ്പിന്.” കൊലോ. 3: 24. വിശ്വാസികളുടെ ന്യായവിധിദിവസം ഒരു കിരീട മഹല്ദിനം കൂടെയാണ്. ഓരോരുത്തര്ക്കും ലഭിക്കുന്ന കിരീടങ്ങള് കര്ത്താവു തന്നെ സ്വന്ത കരങ്ങളാല് അവരവരുടെ ശിരസ്സിന്മേല് വയ്ക്കും.

**1. നീതീയിൻ കിരീടം.** 2. തിമോ. 4: 8. കര്ത്താവിന്റെ പ്രത്യക്ഷതയില് പ്രിയം വെച്ചിരിക്കുന്ന ഏവര്ക്കും ഒരു വ്യത്യാസം കൂടാതെ ലഭിക്കു ന്ന കിരീടമാണിത്.
**2. പ്രശംസാ കിരീടം.** 1. തെസ്സ. 2: 19. കര്ത്താവിനുവേണ്ടി ആത്മാക്കളെ നേടുന്ന ഏവര്ക്കും നല്കപ്പെടുന്നതാണ് ഈ കിരീടം. ്
**3. തേജസ്സിന്റെ കിരീടം.** 1. പത്രൊ. 5: 4. വിശ്വാസ്തരായിരിക്കുന്ന കര്ത്താവിന്റെ വേലക്കാര്ക്കു മാത്രം നല്കപ്പെടുന്ന കിരീടമാണിത്.
**4. ജീവന്റെ കിരീടം.** വെളി. 2: 10.; യാക്കോ. 1: 12. കര്ത്താവിനുവേണ്ടി രക്തസാക്ഷികളായിത്തീരുന്നവര്ക്കുവേണ്ടി മാത്രം പ്രത്യേകാല് ഒരുക്കപ്പെട്ടിരിക്കുന്നതാണ് ഈ കിരീടം. ഇപ്രകാരം വിശ്വാസികള്ക്ക് വേണ്ടി ലഭിക്കുന്ന കിരീടം വാടാത്ത കിരീടം ആയിരിക്കും. 1. കൊരി. 9: 25. ഓട്ടക്കളത്തില് ഓടി ജയിച്ചവര്ക്കു ലഭിക്കുന്ന കിരീടം പൗലൂസ് കണ്ടിട്ടുണ്ട്. പക്ഷെ, അല്പസമയം കഴിഞ്ഞപ്പോള് അത് വാടിപോകുന്നു. എന്നാല് കര്ത്താവിങ്കല് നിന്നും നാം പ്രാപിക്കുന്ന കിരീടം ഒരിക്കലും വാടിപോകന്നതല്ല. ആകയാല് “ നിന്റെ കിരീടം ആരും എടുക്കാതിരിക്കത്തവണ്ണം നിനക്കുള്ളത് പിടിച്ചുകൊള്ക”. വെളി. 3: 11.

കൂടാതെ വരുവാനുള്ള രാജ്യത്തില് നമുക്ക് ഓരോരുത്തര്ക്കും ക്രിസ്തുവിന്റെ ന്യായാസനത്തില് മുമ്പില് വെച്ചു നമ്മുടെ സ്ഥാനം നിശ്ചയിക്കും. നാം ഇവിടെ

വിശ്വസ്തരായിക്കുന്നുവെങ്കില് അധികമായ കാര്യങ്ങള് അവന് നമ്മെ ഏല്പ്പിക്കും. നാം സഹിക്കുന്നു എങ്കില് കൂടെ വാഴും. 2. തിമോ. 2: 12. " നന്ന് നല്ലവനും വിശ്വസ്തനുമായ ദാസനേ നീ അല്പ്പത്തില് വിശ്വസ്തനായിരുന്നു. ഞാന് നിന്നെ അധികത്തില് വിചാരകനാക്കും. നിന്റെ യജമാനന്റെ സന്തോഷത്തിലേക്ക് പ്രവേശിക്ക" എന്ന് ക്രിസ്തുവിന്റെ ന്യായാസനത്തില് വെച്ചു നമ്മുടെ കര്ത്താവ് നമ്മോടു പ്രസ്താവിക്കും. നമ്മുടെ കര്ത്താവ് നമുക്ക് തന്ന താലന്തുകളെ നാം വ്യാപാരം ചെയ്ത് ലാഭമുണ്ടാക്കിയതനുസരിച്ചാണ് ഈ സ്ഥാനം നിര്ണ്ണയിക്കുന്നത്. ഇന്നു നാം എത്രത്തോളം നേടുമോ അത്രത്തോളം ഉന്നത പദവി ആയിരിക്കും അവിടെ അന്നു ലഭിക്കുന്നത്. നേടിയ ലാഭത്തിന്റെ കണക്കനുസരിച്ച് ചിലര്ക്ക് പത്തുപട്ടണത്തിന്മേലും മറ്റു ചിലര്ക്ക് അഞ്ചു പട്ടണത്തിന്മേലും അധികാരം ലഭിക്കും. മടിയന്മാര്ക്ക് ഒന്നും ലഭിക്കത്തില്ല. ലൂക്കോ. 19: 16. ക്രിസ്തുവിന്റെ ഈ ന്യായാസനത്തിങ്കല് വച്ച് പ്രതിഫലങ്ങളും പ്രശംസയും നിത്യസന്തോഷവുമെല്ലാം ലഭ്യമാകും.

**2. തേജസ്സിന്റെ സിംഹാസനം. മത്താ. 25: 31-46.**

യോവേല്. 3: 1-4, 11, 12.

ഇത് യേശുക്രിസ്തുവിന്റെ പരസ്യവരവില് അഥവാ, മഹോപദ്രവകാലത്തിന്റെ അന്ത്യത്തില് ഹര്മ്മഗദ്ദോന് യുദ്ധാനന്തരം സാത്താനെ ബന്ധിച്ച് കഴിഞ്ഞിട്ട് യഹോശാഫാത്ത് താഴ്വരയില് വയ്ക്കുന്ന സിംഹാസനമാണിത്. സകലജാതികളെയും ഈ സിംഹാസനത്തിന് മുമ്പില് കൊണ്ട് വന്ന് അവരെ ന്യായം വിധിക്കുന്ന രംഗമാണ്. അത് ഈ ഭൂമിയില് വയ്ക്കുന്ന സിംഹാസനം. യിസ്രായേലിനോട് അവര് ഇടപെട്ടതിനെ സംബന്ധിച്ചുള്ള ന്യായവിധിയാണ്. അതിനെക്കുറിച്ച് വെളിപ്പാടുപുസ്തകം 19-ാം അദ്ധ്യായപഠനത്തില് വിശദീകരിക്കാം.

**3. വെള്ളസിംഹാസനം. വെളി. 20: 11 15.** ആയിരം ആണ്ട് വാഴ്ചയ്ക്കു ശേഷം ദുഷ്ടന്മാരെ ന്യായം വിധിക്കുന്നതിനാണ് ഈ സിംഹാസനം. സകല ദുഷ്ടന്മാരെയും വിസ്തരിച്ച് എന്നേയ്ക്കുമുള്ള നിത്യദണ്ഡനത്തിനായി നരകത്തിലേയ്ക്കയക്കുന്നതിനാണിത്. ഇതിന്റെ പേരുതന്നെ വലിയ വെള്ള സിംഹാസനം എന്നാണ്. ഇന്ന് ക്രിസ്തു നല്കുന്നത് വലിയ രക്ഷയാണ്. അതിനെ അവഗണിക്കുന്നവര് അന്ന് വലിയ ന്യായവിധിക്ക് വിധേയരാകേണ്ടിവരും. ഈ സിംഹാസനം സ്ഥാപിക്കപ്പെടുന്നതോടുകൂടി ഭൂമിയും ആകാശവും അവന്റെ മുമ്പില് നിന്നും ഓടിപ്പോകുന്നു. ന്യായാധിപന് ക്രിസ്തുവാണ്. മരിച്ച സകല ദുഷ്ടന്മാരും ഈ സിംഹാസനത്തിന്റെ മുമ്പില് വരും. അവരെ എല്ലാവരെയും ന്യായം വിധിച്ചു നിത്യതീപ്പൊയ്കയിലേക്ക് തള്ളിക്കളയും. ഈ വിഷയം 20-ാം അദ്ധ്യായം പഠിക്കുമ്പോള് നല്ല വിശദീകരണം നല്കുന്നതാണ്